## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5122** **22-05-2017 ൽ മറുപടിക്ക്**

### 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങൾ

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964 പ്രകാരം ഏതെല്ലാം ജില്ലകളിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇപ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(എ) സംസ്ഥാനത്ത് കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരം എല്ലാ ജില്ലകളിലും പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. ഭൂമി പതിവ് ചട്ടങ്ങൾ 1964 പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയാണ് പട്ടയ വിതരണം നടത്തുന്നത്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| |
|---|
| തിരുവനന്തപുരം<br>2738 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| കൊല്ലം<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 84 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| പത്തനംതിട്ട<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ 2026 പട്ടയങ്ങളും ഈ സർക്കാരിന്റെ കാലത്ത് 29 പട്ടയങ്ങളും നൽകിയിട്ടുണ്ട്. |
| ആലപ്പുഴ<br>ജില്ലയിൽ 4/17 വരെ 10496 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| കോട്ടയം<br>കോട്ടയം ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1016 എൽ.എ. പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |
| വയനാട്<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ലയിൽ 185 പട്ടയങ്ങളും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി 24 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |
| കണ്ണൂർ<br>2011 നു ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച പട്ടയത്തിനു പുറമെ 12 പട്ടയങ്ങളും അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പട്ടയങ്ങൾ ഒന്നും അനുവദിച്ചിട്ടില്ല. |
| എറണാകുളം<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31/03/2017 വരെ 797 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| കോഴിക്കോട്<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 38 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടയങ്ങൾ വിതരണം ചെയ്തിട്ടില്ല. |

| |
|---|
| <u>കാസർഗോഡ്</u><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 11,444 പട്ടയങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2982 പേർക്കും പട്ടയ വിതരണം നടത്തിയിട്ടുണ്ട്. |
| <u>മലപ്പുറം</u><br>നിലവിൽ മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെയാണ് പട്ടയങ്ങൾ വിതരണം ചെയ്തു വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 309 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| <u>പാലക്കാട്</u><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 121 പേർക്ക് പുറമ്പോക്ക് പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| <u>ഇടുക്കി</u><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 15156 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| <u>തൃശ്ശൂർ</u><br>കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തൃശ്ശൂർ, തലപ്പിള്ളി, കൊടുങ്ങല്ലൂർ, മുകുന്ദപുരം, ചാലക്കുടി, ചാവക്കാട് എന്നീ താലൂക്കുകളിൽ യഥാക്രമം 415,322,244,171,20,154 എന്നിങ്ങനെ 1326 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

Pamiah

സെക്ഷൻ ഓഫീസർ